## പതിമൂന്നാം കേരള നിയമസഭ

### അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: T 612 11.07.2012 -ലെ മറുപടി

### സ്റ്റേറ്റ് ട്രാൻസ്പോർട്ട് അപ്പലേറ്റ് ട്രിബ്യൂണൽ നടത്തിയ റൂട്ട് കേസുകൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ. അജിത് :<br>" വി.എസ്. സുനിൽ കുമാർ :<br>" പി. തിലോത്തമൻ : | ശ്രീ. ഉമ്മൻചാണ്ടി<br>(മുഖ്യമന്ത്രി) |

| | | | |
|---|---|---|---|
| (എ) | ഹൈക്കോടതിയോടനുബന്ധിച്ചുള്ള സ്റ്റേറ്റ് ട്രാൻസ്പോർട്ട് അപ്പലേറ്റ് ട്രിബ്യൂണലിൽ കഴിഞ്ഞ ഒരു വർഷത്തിനിടയിൽ എത്ര റൂട്ട് കേസുകൾ കൈകാര്യം ചെയ്തു; ഇതിൽ എത്ര കേസുകളിൽ പരാജയപ്പെട്ടു; | (എ) | ഹൈക്കോടതിയോടനുബന്ധിച്ചുള്ള സ്റ്റേറ്റ് ട്രാൻസ്പോർട്ട് അപ്പലേറ്റ് ട്രൈബ്യൂണലിൽ കഴിഞ്ഞ ഒരു വർഷത്തിനിടയിൽ കെ.എസ്.ആർ.ടി.സി.യും സ്വകാര്യ ബസ്സുടമകളുമായും ബന്ധപ്പെട്ട് 264 റൂട്ട് കേസ്സുകൾ കൈകാര്യം ചെയ്തു. പരാജയപ്പെട്ട കേസ്സുകളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു. |
| (ബി) | പ്രസ്തുത കേസുകൾ തോൽക്കുവാനുണ്ടായ കാരണങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ; | (ബി) | എസ്.ടി.എ.ടി.യുടെ വിവിധ വിശകലനങ്ങൾ, കണ്ടെത്തലുകൾ വ്യാഖ്യാനങ്ങൾ, എതിർകക്ഷികൾ അവരുടെ വാദങ്ങളിൽ നിന്നു ഭാഗികമായോ വ്യത്യസ്തമായോ മാറുന്നതും മോട്ടോർ വാഹന നിയമത്തിൽ പെർമിറ്റുകൾ നൽകുന്നതിൽ ഉണ്ടായ ഉദാരവത്കരണവും കാരണമായിക്കാണുന്നു. |
| (സി) | കെ.എസ്.ആർ.ടി.സി റൂട്ടുകൾ മുഴുവനും സ്വകാര്യമേഖല കൈയ്യടക്കുവാനുള്ള ശ്രമം ഒഴിവാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ എന്തുനടപടികളാണ് എടുത്തുവരുന്നതെന്ന് വ്യക്തമാക്കുമോ? | (സി) | ഇത്തരത്തിലൊരു വ്യാപകമായ ശ്രമം ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ സപ്ളിമെന്റേഷൻ സ്കീമിൽ ദേശസാൽക്കരിക്കപ്പെട്ട 31 റൂട്ടുകളിലും മറ്റു ദേശസാൽകൃത മേഖലകളിലും പ്രൈവറ്റ് സ്റ്റേജ് കാര്യേജുകൾക്ക് കടന്നുവരാനുള്ള അവസരമുണ്ടാകുന്നുണ്ട്. ഇത് കെ.എസ്.ആർ.ടി.സി.യുടെ സർവ്വീസുകളെ ഹാനികരമായി ബാധിക്കുന്നുണ്ട്.<br>14.07.2009 -ലെ നോട്ടിഫിക്കേഷൻ |

| | | | |
|---|---|---|---|
| | | | ദേശസാൽകൃത റൂട്ടിൽ ഓടുന്ന സ്വകാര്യ സർവ്വീസുകൾ ക്രമേണ ഒഴിവാക്കുന്നതിന് വിഭാവനം ചെയ്യുന്നു. മറ്റു റൂട്ടുകളിൽ പെർമിറ്റ് നൽകുന്ന സ്വകാര്യ ബസ്സുകൾക്ക് നിലവിലുള്ള നോട്ടിഫിക്കേഷനിൽ പറയുന്ന പ്രകാരം 5 കിലോമീറ്ററോ അല്ലെങ്കിൽ റൂട്ട് ദൈർഘ്യത്തിന്റെ 5% -മോ ഏതാണോ കുറവ് അത്രയും ദൂരം മാത്രമേ നോട്ടിഫൈഡ് റൂട്ടുകളിൽ കൂടി സർവ്വീസ് നടത്തുന്നതിന് അനുവദിച്ചിട്ടുള്ളു. നോട്ടിഫൈഡ് റൂട്ടുകൾ മുറിച്ചുകടക്കുന്നതിനാണ് ഈ ആനുകൂല്യം നൽകിയിരിക്കുന്നത്.<br>14.07.2009 - ലെ നോട്ടിഫിക്കേഷനും മറ്റ് നാഷണലൈസേഷൻ സ്കീമുകൾക്കും അനുസൃതമായി മാത്രമാണ് പ്രൈവറ്റ് സ്റ്റേജ് കാര്യേജുകളുടെ പെർമിറ്റ് പുതുക്കുന്നതും, പുതിയ പെർമിറ്റ്/നിലവിലുള്ള പെർമിറ്റുകളുടെ റൂട്ടിലുള്ള മാറ്റങ്ങൾ എന്നിവ ആർ.ടി.എ പരിഗണിച്ചു നൽകുന്നതും. |

സെക്ഷൻ ഓഫീസർ

## അനുബന്ധം

| ഓഫീസ് | കൈകാര്യം ചെയ്ത കേസുകൾ | പരാജയപ്പെട്ടത് | റിമാർക്സ് |
|---|---|---|---|
| തിരുവനന്തപുരം | 12 | 12 | – |
| കൊല്ലം | 39 | | 21 എണ്ണത്തിൽ എതിരായി തീർപ്പ് നേടി |
| പത്തനംതിട്ട | 02 | — | അന്തിമ വിധി ഉണ്ടായിട്ടില്ല |
| ആലപ്പുഴ | 39 | — | 09 എണ്ണത്തിൽ അപ്പീൽ അനുവദിച്ചു |
| ആറ്റിങ്ങൽ | 07 | 02 | — |
| എറണാകുളം | 08 | 08 | — |
| മൂവാറ്റുപുഴ | 03 | 03 | — |
| കോട്ടയം | 17 | 17 | — |
| ഇടുക്കി | 19 | 19 | — |
| തൃശ്ശൂർ | 26 | 19 | 07 എണ്ണത്തിൽ ഭാഗികമായി പരാജയം |
| പാലക്കാട് | 15 | 14 | 01 എണ്ണത്തിൽ ഭാഗികമായി പരാജയം |
| മലപ്പുറം | 28 | 07 | 21 എണ്ണം പെന്റിങ്ങ് |
| കോഴിക്കോട് | ഇല്ല | ബാധകമല്ല | — |
| വയനാട് | ഇല്ല | ബാധകമല്ല | — |
| കണ്ണൂർ | 22 | 22 | — |
| വടകര | 06 | 06 | — |
| കാസർ ഗോഡ് | 01 | 01 | — |
| സ്റ്റേറ്റ് ട്രാൻസ്പോർട്ട് അതോറിറ്റി, തിരുവനന്തപുരം | 20 | — | 19 എണ്ണത്തിൽ അന്തിമ വിധി ഉണ്ടായിട്ടില്ല<br><br>01 എണ്ണത്തിൽ, സ്റ്റേറ്റ് ട്രാൻസ്പോർട്ട് അതോറിറ്റി, തിരുവനന്തപുരത്തിനോട് പെറ്റീഷണറുടെ അപേക്ഷ ഒരിക്കൽ കൂടി പരിഗണിക്കുവാൻ ഉത്തരവിട്ടു. |

സെക്ഷൻ ഓഫീസർ